# മൈതാനങ്ങൾ

[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

മൈതാന നഗരിയിലെ
ഉത്ഭവപാപപ്പിറപ്പിലെ
വെളിമ്പ്രദേശ ഭീതി
വിസ്മൃതിയിൽ മറയുന്നില്ല.
കാട്ടിലെ തേക്കും തേക്കിലക്കാടും
വെട്ടിപ്പിടിച്ച ജട വെട്ടിത്തെളിച്ച്
കനത്ത ഓർമ്മയെ തേച്ചുമായ്ക്കുന്ന
മൂന്നാംനമ്പർ ഉരക്കടലാസ്സ്.

സെൻട്രൽ പാർക്കിലെ
ശീതപ്പെട്ടിയിലെ പെൻഗ്വിനോട്
അന്റാർട്ടിക്കയ്ക്കു മുകളിലെ
ഓസോൺ പാളിയിലെ
വിള്ളൽ ഇപ്പോഴും
ഉറക്കം കെടുത്തുന്നുണ്ടോ
എന്ന കുശലം ചോദിക്കലിൽ;
ചർച്ച് ഗേറ്റിനു കാവലായ
ഓവൽ മൈതാനിയിലെ പുല്ലിൽ
കെട്ടിനിൽക്കുന്ന മഴവെള്ളത്തിൽ
വിരിയുന്ന മഴവില്ലിൽ;
ചൌപ്പാത്തി ബീച്ചിലെ
ഇന്ത്യയ്ക്കു വെളിയ്ക്കാട്ടുന്ന
മണൽത്തരിയിൽ;
മരീന ബീച്ചിലും മറൈൻഡ്രൈവിലും
കാത്തുനിൽക്കുന്ന വാണിഭക്കാരിൽ;
കോട്ടയത്തെ തീവണ്ടിച്ചൂളംവിളി
നീളുന്ന തിരുനക്കരയിൽ;
പാലക്കാട്ടെ കോട്ടയിൽ നിന്നും
കരിയുന്ന വരണ്ട കാറ്റിൽ;

അച്ചിവേണ്ടാത്ത കൊച്ചിയിൽ
വള്ളം തുഴയും രാജേന്ദ്രനിൽ;
ഗണപതിഹോമം നാട്ടയിലാടും
നാഗനിരിക്കും പഴവങ്ങാടിയിൽ;
തട്ടമിട്ടച്ചുവടിൽ, കോഴിക്കോട്ടി-
ലീച്ച മൂളും മാനാഞ്ചിറയിൽ;
രാവണത്തല പത്തുംകൊയ്ത്
ഉപജാപം വിതയ്ക്കും
രാമലീലയിൽ; പ്രഗതിയിൽ:

തലപെരുക്കും വാക്കുരച്ച്
മൈതാനക്കണ്ഠക്ഷോഭം
വന്യ മാന്ത്രികസ്വനമായ്
അന്യമാം ചക്രവാളത്തിൽ
മറുപടി പ്രസംഗത്തിനു
മുരടനക്കി തൊണ്ട കാർപ്പിച്ച്,
ചെകിടു കൂർപ്പിക്കും മുഖത്ത്
വിസ്തരഭയം വികസിച്ച്
അരുതായ്മാ മണിയുടെ
പ്രവാഹ പ്രവാളവാതം
പരത്തുന്നേവരും!
*******************************************************

10/26/2014